**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** — **12-09-2023 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലേക്കുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നമംഗലം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലേക്കുള്ള റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (എ) | കുന്ദമംഗലം സർക്കാർ കോളേജിലേക്കുള്ള റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. 12.07. 2023 തിയതിയിലെ കത്ത് പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റോഡിന് വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള സ്കെച്ച് തയ്യാറാക്കാൻ പഞ്ചായത്ത് അസി.എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനും സ്കെച്ചും ലഭിച്ചാലുടൻ തന്നെ റിക്വിസിഷൻ ഫോം കോഴിക്കോട് ജില്ലാ കളക്ടർക്കു നൽകുന്നതാണ്. |
| (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന് ഫയർ എൻ.ഒ.സി ലഭിക്കാൻ റോഡ് വീതി കൂട്ടേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | റോഡിന് 5 മീറ്റർ വീതി സൗകര്യം ഇല്ലാത്തതിനാൽ മുക്കം അഗ്നിരക്ഷാനിലയം ഓഫീസിൽ നിന്നും പ്രാഥമിക നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടില്ല. റോഡിനു 5 മീറ്റർ വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ